പ്രവാചകൻ പ്രസ്താവിച്ചു. സത്യസന്ധത സന്മാർഗത്തിലേക്ക് നയിക്കുന്നു. സന്മാർഗം സ്വർഗത്തിലേക്കും. ഒരുവൻ സത്യസന്ധനായിരിക്കുന്നിടത്തോളം സത്യമേ പറയൂ. നുണ തിന്മയിലേക്ക് നയിക്കുന്നു. തിന്മ നരകത്തിലേക്കും.

-സ്വഹീഹുൽ ബുഖാരി

ഈ ഹദീസ് വാക്യത്തിന്റെ സാരത്തെ പ്രകാശിപ്പിക്കുന്ന കഥ

# സത്യസന്ധതക്ക് സ്വർഗം

പേർഷ്യയിൽ പണ്ടൊരു രാജാവുണ്ടായിരുന്നു. അദ്ദേഹം വയോധികനായപ്പോൾ ഒരു പിൻഗാമിയെ നിശ്ചയിക്കാൻ തീരുമാനിച്ചു.

പിൻഗാമിയെ കണ്ടെത്താൻ വ്യത്യസ്തമായ രീതിയാണ് അദ്ദേഹം സ്വീകരിച്ചത്.

ഒരു ദിവസം രാജ്യത്തെ എല്ലാ ചെറുപ്പ



ക്കാരെയും കൊട്ടാരവളപ്പിൽ വിളിച്ചുകൂട്ടി. "ഈ പദവി ഉപേക്ഷിക്കാൻ എനിക്ക് സമയമായി. അടുത്ത രാജാവിനെ തെരഞ്ഞെടുക്കണം. നിങ്ങളിലൊരാളെ തെരഞ്ഞെടുക്കാനാണ് എൻെറ തീരുമാനം." അദ്ദേഹം പ്രഖ്യാപിച്ചു.

കേട്ടുനിന്നവർ അത്ഭുതപ്പെട്ടു!

"ഓരോരുത്തർക്കും ഞാൻ ഒരു വിത്ത് തരും. വളരെ പ്രത്യേകതയുള്ള വിത്താണ് അത്. അത് നട്ടുനനച്ച് വളർത്തി ഇന്നേക്ക് ഒരു വർഷം തികയുന്ന ദിവസം നിങ്ങൾ വളർത്തിയ ചെടിയും കൊണ്ട് ഇവിടെ വരണം. ചെടികൾ പരിശോധിച്ച് നിങ്ങളിലൊരാളെ ഞാൻ രാജാവായി നിശ്ചയിക്കും." രാജാവ് തുടർന്ന് പറഞ്ഞു.

ഹിക്മത്ത് എന്നു പേരായ ഒരു യുവാവും അവിടെയുണ്ടായിരുന്നു. എല്ലാവർക്കും കിട്ടിയത് പോലൊരു വിത്ത് ഹിക്മത്തിനും കിട്ടി. വീട്ടിലെത്തിയ ഹിക്മത്ത് ആവേശത്തോടെയാണ് നടന്നതെല്ലാം ഉമ്മയോട് പറഞ്ഞത്. ഉമ്മ ഒരു ചെടിച്ചട്ടി സംഘടിപ്പിച്ച് അതിൽ മണ്ണ് നിറച്ച് ഹിക്മത്തിന് നൽകി. ഹിക്മത്ത് തന്നെ വിത്ത് നട്ട് വെള്ളം തളിച്ചു.

പിറ്റേന്ന് മുതൽ ഓരോ ദിവസവും ചട്ടിക്കരികിൽ എത്തി വെള്ളം തളിച്ച് വിത്ത് മുളക്കുന്നുണ്ടോ എന്ന് നോക്കും. മൂന്ന് ആഴ്ച കഴിഞ്ഞപ്പോൾ നാട്ടിലെ ചില യുവാക്കൾ അവരുടെ വിത്തുകൾ മുളച്ചതും വളരുന്ന ചെടിയെക്കുറിച്ചും സംസാരിക്കുന്നത് ഹിക്മത്ത് കേട്ടു. വീട്ടിലെത്തിയ ഹിക്മത്ത് ചട്ടിക്കരികിൽ എത്തി തൻെറ വിത്ത് മുളച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചു.

പക്ഷെ, ഒന്നും മുളച്ചിട്ടുണ്ടായിരുന്നില്ല. മൂന്നു ആഴ്ച കഴിഞ്ഞു. നാലും അഞ്ചും ആഴ്ച പിന്നിട്ടു. ഒന്നും കണ്ടില്ല. നാട്ടിലെ യുവാക്കളെല്ലാം വളർന്നു വലുതായ ചെടിയെക്കുറിച്ച്



സംസാരിക്കുന്നത് ഹിക്മത്ത് കേട്ടു. താൻ ഒരു പരാജിതനാണെന്ന് ഹിക്മത്തിന് തോന്നിത്തുടങ്ങി. ആറു മാസം കഴിഞ്ഞിട്ടും ഹിക്മത്തിൻെറ വിത്ത് മുളച്ചില്ല.

എല്ലാവർക്കും വലിയ ചെടികളും ചെറിയ മരങ്ങളുമായി. ഹിക്മത്തിന് ഒന്നുമുണ്ടായിരുന്നില്ല. തൻെറ സങ്കടം ഹിക്മത്ത് ആരോടും പങ്കുവെച്ചില്ല. വിത്ത് എന്നെങ്കിലും മുളക്കുമെന്ന് പ്രതീക്ഷിച്ചു.

ഒരു വർഷം കഴിഞ്ഞു. രാജാവിന് മുന്നിൽ ചെടികളുമായി ഹാജരാവേണ്ട ദിവസം വന്നെത്തി. ഒന്നുമില്ലാത്ത ചട്ടിയും കൊണ്ട് കൊട്ടാരത്തിലേക്ക് താൻ പോകുന്നില്ലെന്ന് ഹികമത്ത് ഉമ്മയോട് പറഞ്ഞു. എന്നാൽ, കാലിയായ ചട്ടിയും കൊണ്ട് രാജാവിനടുത്തേക്ക് ചെല്ലാൻ ഉമ്മ ഹിക്മത്തിനെ നിർബന്ധിച്ചു.

ഒടുവിൽ ഹിക്മത്ത് വഴങ്ങി. കൊട്ടാരത്തിലെത്തിയ ഹിക്മത്ത് അത്ഭുതപ്പെട്ടു. മനോഹരമായ ചെടികൾ. എല്ലാം പല വലിപ്പത്തിലും രൂപത്തിലും നിറത്തിലുമുള്ളത്. കാലിയായ ചട്ടിയുമായി വന്ന ഹിക്മത്തിനെ കണ്ട് ചിലർ കളിയാക്കി. മറ്റുചിലർ സഹതാപം പ്രകടിപ്പിച്ചു.

രാജാവ് സിംഹാസനത്തിൽ എത്തി അവിടെ പ്രദർശിപ്പിച്ച ചെടികളിലേക്ക് നോക്കി. കാലിയായ ചട്ടിയും കൊണ്ട് ഹിക്മത്ത് ഏറ്റവും പിന്നിലാണ് നിന്നിരുന്നത്. രാജാവ് തന്നെ കാണാതിരിക്കാൻ ഹിക്മത്ത് പതുങ്ങി നിന്നു. “ഹാ! എത്ര മനോഹരമായ ചെടികളാണിത്! ഇനി നിങ്ങളിലൊരാളെ ഞാൻ രാജാവായി നിശ്ചയിക്കാൻ പോവുകയാണ്,” രാജാവ് പറഞ്ഞു. സിംഹാസനത്തിൽ ഇരിക്കവേ, വരിയുടെ ഏറ്റവും അവസാനം നിൽക്കുന്ന ഹിക്മത്തിനെ രാജാവ് കണ്ടു. ഹിക്മത്തിനെ മുന്നിലേക്ക് കൊണ്ടുവരാൻ ഭടന്മാരോട് രാജാവ് കൽപ്പിച്ചു. ഹിക്മത്ത് പേടിച്ചുപോയി. വിത്ത് മുളപ്പിക്കാൻ കഴിയാതിരുന്ന തന്നെ രാജാവ് കൊല്ലുമെന്ന് അവൻ ഭയപ്പെട്ടു.

ഹിക്മത്ത് മുന്നിലെത്തിയപ്പോൾ രാജാവ് അവൻെറ പേര് ചോദിച്ചു. “എൻെറ പേര് ഹികമത്ത്”, അവൻ പറഞ്ഞു. കൂടിനിന്ന യുവാക്കളെല്ലാം കളിയാക്കി ചിരിക്കാൻ തുടങ്ങി. എല്ലാവരോടും നിശ്ശബ്ദരാവാൻ രാജാവ് കൽപ്പിച്ചു. ഒരു നിമിഷത്തെ മൗനത്തിന് ശേഷം രാജാവ് പറഞ്ഞു: “ഹിക്മത്ത് രാജാവ് നീണാൾ വാഴട്ടെ!”

അവന് അത് വിശ്വസിക്കാൻ കഴിഞ്ഞില്ല. വിത്ത് മുളപ്പിക്കാൻ കഴിയാതിരുന്ന താൻ എങ്ങനെയാണ് രാജാവാകുക?

അപ്പോൾ രാജാവ് തുടർന്നു: “ഒരു വർഷം മുമ്പ് ഞാൻ നിങ്ങൾക്കെല്ലാവർക്കും ഓരോ വിത്തുകൾ തന്നു. വിത്തുകൾ നട്ടുനനച്ച് വളർത്തി ഇന്നു കൊണ്ടുവരാൻ പറയുകയും ചെയ്തു. എന്നാൽ, ഞാൻ തന്നത് തിളപ്പിച്ച വിത്തുകളായിരുന്നു. അവ ഒരിക്കലും മുളക്കില്ല.

നിങ്ങളെല്ലാവരും ചെടികൾ കൊണ്ടുവന്നിരിക്കുന്നു. വിത്തുകൾ മുളച്ചില്ലെന്ന് കണ്ടപ്പോൾ പകരം വേറൊന്ന് നട്ട് എല്ലാവരും അത് മുളപ്പിച്ചു. ഹിക്മത്ത് മാത്രം അത് ചെയ്തില്ല. ഞാൻ തന്ന വിത്ത് അതുപോലെ തിരിച്ചു നൽകാനുള്ള സത്യസന്ധതയും ധൈര്യവും ഹിക്മത്തിന് മാത്രമാണുണ്ടായത്. അതിനാൽ ഇയാളാണ് രാജ്യത്തിൻെറ പുതിയ അധിപൻ.”

● പുനരാഖ്യാനം: അനീസ്